"ഭരണഭാഷ മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഡി.ബി.4/7987/CMLRRP/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു (Vol.V) തീയതി: 14/12/2021

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – എൽ.ഐ.ഡി&ഇ.ഡബ്ല്യു – സി.എം.എൽ.ആർ.ആർ.പി – ടാറിന്റെ അധിക വിലയായ തുക സി.എം.എൽ.ആർ.ആർ.പി ടെണ്ടർ സേവിംഗ്സിൽ നിന്നും അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. സ.ഉ (കൈ) നം. 287/2021/തസ്വഭവ, തീയതി 03/12/2021
2. ജി.ഒ (ആർ.റ്റി) നം. 9386/2018/ഫിൻ, തീയതി 13/11/2018
3. ജി.ഒ (ആർ.റ്റി) നം. 3819/2021/ഫിൻ, തീയതി 30/04/2021

*********

സൂചന (1) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സി.എം.എൽ.ആർ.ആർ.പി പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ടാറിന്റെ അധിക വിലയായ തുക സി.എം.എൽ.ആർ.ആർ.പി യുടെ ടെണ്ടർ സേവിംഗ്സിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

കരാർ കാലവധിക്കുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കിയ പ്രവൃത്തികൾക്കും, പിഴ തുക കൂടാതെ കരാർ കാലാവധി നീട്ടി നൽകിയിട്ടുള്ള പ്രവൃത്തികൾക്കും (കോൺട്രാക്ടറുടേതല്ലാത്ത കാരണത്താൽ) കരാറുകാർ സമർപ്പിക്കുന്ന ബില്ലിന്റ അടിസ്ഥാനത്തിൽ, ഉപയോഗിച്ച യഥാർത്ഥ അളവിന് വിലവർദ്ധനവിനെ തുടർന്നുണ്ടായ ടാറിന്റെ വില വ്യത്യാസം അനുവദിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരവും, വില വ്യത്യാസം ഏത് രീതിയിൽ ഈടാക്കണമെന്ന് സൂചന (3) പ്രകാരവും ഉത്തരവായിട്ടുള്ളതാണ്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ടി കാര്യങ്ങൾ ഉറപ്പ് വരുത്തി മാത്രമേ ബിൽ തുക കണക്കാക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. കൂടാതെ,

(1) അധികം നൽകേണ്ട വില വ്യത്യാസം Agreed PAC - ക്കുള്ളിൽ തന്നെ വരുന്ന സാഹചര്യത്തിൽ ആയത് Memorandum of Payment തയ്യാറാക്കി MIS-ൽ ബിൽ തുക അനുവദിക്കുന്നതിന് സമർപ്പിക്കുന്ന അവസരത്തിൽ തന്നെ

ഉൾപ്പെടുത്താവുന്നതാണ്. (2) അല്ലാത്ത സാഹചര്യത്തിൽ (When work done amount + PRICE difference of Bitumen + Utility Shifting (jf any) exceeds Agreed PAC) പ്രവൃത്തികൾക്ക് വില വ്യത്യാസം അനുവദിക്കുന്നതിനായി MIS ൽ ക്രമീകരണങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ആയത് ഉൾപ്പെടുത്തുന്ന അവസരത്തിൽ ഇത്തരം പ്രവൃത്തികൾക്ക് വില വ്യത്യാസം അനുവദിക്കുന്നതാണ്.

ടാറിന്റെ അധിക വില ഓരോ പ്രവൃത്തിക്കും അനുവദിക്കുന്നതിനായി P-1135 എന്ന പ്രൊഫോർമയിൽ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സയമബന്ധിതമായി രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**ചീഫ് എഞ്ചിനീയർ**

എൻ.പി/-